LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന വികസന പദ്ധതികൾ

42 (12) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ടിൻകീഴിൽ പതിനാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള പദ്ധതികൾക്ക് എത്ര കോടി രൂപ അനുവദിക്കുമെന്നായിരുന്നു 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; ഇതിനായി പൊതു വിപണിയിൽ നിന്ന് കണ്ടെത്തിയ പണം എത്ര; ഇതിനായി പിൻവലിച്ച തുക എത്ര;

(ഡി) പ്രസ്തുത പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിയത് ഏതു ഏജൻസികളാണ്; ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ട് പ്രകാരം കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്ര കോടി രൂപ വീതമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികൾക്കും സ്ഥലമെടുപ്പ് ആവശ്യമില്ല. ചില പദ്ധതികളുടെ സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് ആവശ്യമുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സർക്കാർ പൊതു വിപണിയിൽ നിന്നും സമാഹരിക്കുന്ന ഫണ്ടിൽ നിന്നും 1400 കോടി രൂപ ഈ പദ്ധതികൾക്കായി മാറ്റി വയ്ക്കുമെന്നായിരുന്നു 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും ഒരു രൂപ ക്രമത്തിലുള്ള അധിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിൽപ്പന നികുതിയുടെ 50% ഈ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലുള്ള അധിക വിൽപ്പന നികുതി വിഹിതമായ 50 കോടി രൂപ പദ്ധതിയുടെ ധനസമാഹരണ ചുമതലയുള്ള കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിക്കണമെന്ന ശിപാർശ പരിഗണിച്ചു വരികയാണ്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. 15 പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. റിപ്പോർട്ട് തയ്യാറാക്കിയ ഏജൻസികളുടെ പേരും ഓരോ പദ്ധതിക്കും കണക്കാക്കപ്പെട്ടിട്ടുള്ള അടങ്കൽ ചെലവും അനുബന്ധമായി ചേർക്കുന്നു. * മറ്റ് പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

പഞ്ചിംഗ് സംവിധാനം

43 (13) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളിൽ പഞ്ചിംഗ് സംവിധാനം (Computerised Attendance Management System) നടപ്പിലാക്കുവാൻ ഉത്തരവ് ഇറക്കിയതെന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ഓഫീസുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടെന്നും, സമയബന്ധിതമായി അവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ഓഫസുകളിൽ പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ശമ്പള ബിൽ തയ്യാറാക്കാൻ (spark) നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ, അത്തരം സംവിധാനം നടപ്പിലാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly